**നമ്പർ. ഇ1/18473/റ്റിസി/2012**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 10/05/2019

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, (എൻഫോഴ്സ്മെന്റ്)

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – 'SAFE' സംവിധാനം വഴി വാഹന പരിശോധനാ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച് വരുത്തുന്നത് – സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിലെ ഇതേ നമ്പറിലെ വിവിധ തീയതികളിലെ നിർദ്ദേശങ്ങൾ.

വർദ്ധിച്ച് വരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ റോഡ് ചെക്കിംഗ് ഊർജ്ജിതപ്പെടുത്തുവാൻ മോട്ടോർ വാഹന വകുപ്പ് തീരുമാനമെടുക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ റിപ്പോർട്ടുകൾ സമയബന്ധിതമായി ഉന്നത അധികാരികൾക്ക് സമർപ്പിക്കുവാൻ കൃത്യമായ റിപ്പോർട്ടുകൾ സമയത്ത് ലഭ്യമാക്കാത്തതിനാൽ സാധിക്കുന്നില്ല. വാഹന പരിശോധനയുടെ വിശദാംശങ്ങൾ വകുപ്പ് തനതായി വികസിപ്പിച്ചെടുത്ത 'SAFE' സംവിധാനം വഴി രേഖപ്പെടുത്തണം എന്ന് കർശനമായി നിർദ്ദേശിച്ചിരുന്നുവെങ്കിലും 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം ഉദ്യോഗസ്ഥരും ടി സംവിധാനം ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോപവും വകുപ്പ് ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ ബോധപൂർവ്വമായ ലംഘനവുമാണ്. ഇത്തരം കൃത്യവിലോപങ്ങൾക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ ആർ.ടി.ഒ.മാരും, എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. മാരും തങ്ങളുടെ കീഴിൽ വരുന്ന ഉദ്യോഗസ്ഥർ

‘SAFE’സംവിധാനം വഴി വാഹന പരിശോധനാ വിവരങ്ങൾ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ‘SAFE’ - ൽ ലഭിക്കുന്ന റിപ്പോർട്ട് സഹിതം ആർ.ടി.ഒ.മാർ എല്ലാ ആഴ്ചകളിലും അതാത് ഡി.റ്റി.സി.മാർക്ക് റിപ്പോർട്ട് നൽകേണ്ടതും ടി റിപ്പോർട്ടുകൾ ഡി.റ്റി.സി പരിശോധിച്ച് ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്യേണ്ടതുമാണ്. എല്ലാ ആർ.ടി.ഒ. മാരും ഇതിന്റെ കംപ്ലയൻസ് റിപ്പോർട്ട് അയച്ച് തരേണ്ടതും ആയതിന്റെ പ്രിന്റഡ് കോപ്പി ആർ.ടി.ഒ. മീറ്റിംഗിൽ ഹാജരാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

എകെ